**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **02-02-2023 - ൽ മറുപടിയ്ക്ക്**

**എല്ലാ പഞ്ചായത്തുകളിലും കോ-ഓപ്പ് മാർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സഹകരണ വകുപ്പുവഴി വിദേശ വിപണി കണ്ടെത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്നു വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി **coopkerala** എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവെയ്ക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാജ്യത്തെ ആദ്യ കയറ്റുമതി കേന്ദ്രം കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ കയറ്റുമതി കേന്ദ്രം ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |
| (സി) | തനത് ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലെ കോ-ഓപ്പ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ പൈലറ്റടിസ്ഥാനത്തിൽ ഓരോ ജില്ലകളിലുമായി 14 കോ-ഓപ്പ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. പുതിയ 14 കോ-ഓപ്പ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് സംഘങ്ങളെ കണ്ടെത്തിയിട്ടുള്ളതും ആയത് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പുതിയ 200 കോ-ഓപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി |

| | | | |
|---|---|---|---|
| | | | സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോ-ഓപ്പ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിലേക്ക് കേരളത്തിന്റെ തനത് ഉല്പന്നങ്ങളെത്തിക്കുന്നതിനും കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുമുള്ള പദ്ധതി സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2022 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് വച്ച് നടന്ന അന്തർദേശീയ ട്രേഡ് ഫെയറിൽ സഹകരണ ഉല്പന്നങ്ങൾക്ക് ലഭിച്ച സ്വീകാര്യതകൂടി കണക്കിലെടുത്ത് കേരളത്തിന്റെ തനത് ഉല്പന്നങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിലെത്തിക്കുന്നതിനു വേണ്ടി മറ്റു സംസ്ഥാന വ്യവസായികളുമായും ഏജൻസികളുമായും 22.11.2022 തീയതിയിൽ IITF-2022 വേദിയിൽ വെച്ച് ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചിട്ടുള്ളതും ആയതിന്റെ തുടർച്ചയായി 15.12.2022-നു ഒരു ഓൺലൈൻ മീറ്റിംഗ് നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ